# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 6/1634/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊളച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 6/1634/2022 തീയ്യതി: 15/02/2023

## കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-10-2021 മുതൽ 06-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി .വിപിന വത്സരാജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.,
ശ്രീമതി ശ്രീജ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി രമ്യ ടി ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ദുൾ മജീദ്.കെ.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ.രാഹുൽ രാമചന്ദ്രൻ | സെക്രട്ടറി | 09-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജൻ.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ.മനോജ്.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ് | 01-05-2021 | 25-05-2021 |
| ശ്രീ.ശിവാനന്ദൻ.സി | അസിസ്റ്റന്റ് സെക്രട്ടറി | 26-05-2021 | 21-01-2022 |
| ശ്രീ.ഷിഫിലുദ്ദീൻ.എ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |
| ഡോ: അഞ്ജു പത്മനാഭൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ:ലിഷ പാലാടൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ.രായപ്പൻ സ്റ്റാൻലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി സർക്കിൾ | 01-04-2021 | 30-11-2021 |
| ശ്രീമതി.സീമ.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി സർക്കിൾ | 01-12-2021 | 31-03-2022 |
| ശ്രീമതി.ലേഖ.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷിൻജ.ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 19-11-2021 |
| ശ്രീമതി.ഷൈലജ ചെല്ലട്ടൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 20-11-2021 | 31-03-2022 |
| ശ്രീമതി.ദീപ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവൻ പുത്തലത്ത് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീമതി.കാഞ്ചന.കെ.വി | ഹെഡ് മിസ്ട്രസ് | 01-06-2021 | 26-10-2021 |
| ശ്രീ.അബ്ദുൾ ലത്തീഫ് | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ജയൻ.എം.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.ടി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.രേഷ്മ ദാമോദരൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 09-02-2022 |
| ഡോ.റിൻസി തെരേസ | വെറ്റിനറി സർജ്ജൻ | 10-02-2022 | 13-02-2022 |
| ഡോ. പ്രിയ പി | വെറ്റിനറി സർജ്ജൻ | 14-02-2022 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എസ് അപാകങ്ങൾ | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-11 |
| 16 | കെട്ടിടങ്ങളുടെഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 17 | ക്രഷർ യൂണിറ്റിന്റെ വസ്തുനികുതി നിർണ്ണയം-പരിശോധനവിധേയമാക്കേണ്ടതാണ്. | 1-13 |
| 18 | വസ്തുനികുതി ഭേദഗതി ഉത്തരവു പ്രകാരമുള്ള വിജ്ഞാപനം -പുതുതായി ഉൾപ്പെടുത്തിയ നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ല | 1-14 |
| 19 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയത് ക്രമപ്രകാരമല്ല. | 1-15 |
| 20 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു. | 1-16 |
| 21 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് -നിരക്കുകൾ നിശ്ചയിച്ചതിലെ അപാകങ്ങൾ | 1-17 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ് | 1-18 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ | 1-19 |

| | | |
|---|---|---|
| | കുട്ടിയിട്ടില്ല | |
| 24 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല | 1-20 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ,യുപി എസ് വാങ്ങൽ -പ്രിന്റർ ലഭ്യമായിട്ടില്ല.ചെലവ് തുക ₹12953 തടസ്സപ്പെടുത്തുന്നു | 1-21 |
| 26 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹100000 യുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-23 |
| 28 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-24 |
| 29 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-25 |
| 30 | ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ | 1-26 |
| 31 | അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകക്കെടുക്കൽ-കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല. | 1-27 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ തുക നൽകിയില്ല | 1-28 |
| 33 | തുടർസാക്ഷരതാപദ്ധതി -തുടർ മേൽനോട്ടം അനിവാര്യം | 1-29 |
| 34 | ബഡ്സ് സ്കൂൾ- ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേക അക്കൗണ്ടില്ല | 1-30 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 36 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയുള്ള മരുന്നു വാങ്ങൽ | 1-32 |
| 37 | സാന്ത്വന പരിചരണ പദ്ധതി- ഉപകരണങ്ങൾ ലഭ്യമായില്ല | 1-33 |
| 38 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ₹227024-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 39 | നിർവ്വഹണ ഉദ്യോഗസ്ഥൻ മൂന്ന് ക്യാഷ്ബുക്കുകൾ സൂക്ഷിച്ചുവരുന്നു | 1-35 |
| 40 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-36 |
| 41 | റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-37 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-02-2021 തീയതിയിലെ യോഗത്തിലെ 08/2021 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 18-02-2021 തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-32) 19-02-2021 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 33/21 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09-02-2022 തീയതിയിലെ യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ-10/22) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 25-02-2022 തീയതിയിലെ 36/22 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 17223888 | 27135361 |
| വരവ് | 168869400 | 164869639 |
| ആകെ | 186093288 | 192005000 |
| ചെലവ് | 183458800 | 189021291 |
| നീക്കിയിരിപ്പ് | 2634438 | 2983709 |

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4. പെർഫോമൻസ് ബജറ്റ്

5. ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/ LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2. ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 08-06-2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12-05-2022 തീയതിയിലെ 81/22 നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക അംഗീകരിക്കുകയുണ്ടായി.

## 1-2-1 വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ

1. ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക (RP-36)പ്രകാരമുള്ള തുകയും (₹196750) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹196220) പൊരുത്തപ്പെടുന്നില്ല.

2. വസ്തു നികുതി- വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കലക്ഷൻ തുക, സഞ്ചയ ഡിസിബി പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി | | വാർഷിക ധനകാര്യ പത്രിക | സഞ്ചയ ഡിസിബി പത്രിക |
|---|---|---|---|
| തൻവർഷ കലക്ഷൻ | റസിഡൻഷ്യൽ | 2050381 | 2057466 |

3. CFC ഗ്രാന്റ് -B4 Schedule പ്രകാരമുള്ള തുക (₹ 3392375) ,B-17 Schedule പ്രകാരമുള്ള തുകയുമായി (₹3400164) പൊരുത്തപ്പെടുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

5. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ ഇനം തിരിച്ചുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

6. പ്രൊജക്ട് നം 85/2022 പ്രകാരം വാങ്ങിയ വാഹനത്തിന്റെ മൂല്യം ഭാഗികമായി മാത്രമാണ് സ്ഥിര ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

7. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹69926വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

8.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരംവാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
9.2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22386204 |
| വരവ് | 87281086 |
| ആകെ | 109667290 |
| ചെലവ് | 84541332 |
| നീക്കിയിരിപ്പ് | 25125958 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 239977 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15759000 | 15759000 | 15697095 | 61905 |
| വികസനഫണ്ട്- എസ്.സി.പി | 0 | 3584048 | 3584048 | 3349000 | 235048 |
| മെയിന്റനൻസ് ഫണ്ട്, റോഡ് | 0 | 9450662 | 9450662 | 8135685 | 1314977 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 5435697 | 5435697 | 2518937 | 2916760 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied | 0 | 6292565 | 6292565 | 2687778 | 3604787 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 0 | 2934000+ 49033(പലിശ) | 2983033 | 2449509 | 484491+ 49033(പലിശ) |
| എം എൻ ആർ ഇ ജി എസ്- | 11861 | 18955636 | 18967497 | 18967232 | 265 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1657152 | 170000 | 1827152 | 563551 | 1263601 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 862737 | 1305989 | 2168726 | 2000000 | 168726 |
| എം.പി. ഫണ്ട് | 784 | 561650 | 562434 | 559000 | 3434 |
| സാക്ഷരത | 1032 | 45 | 1077 | 0 | 1077 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്(MLA ഫണ്ട്) | 0 | 90740 | 90740 | 0 | 90740 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 1064250 | 1379966 | 2444216 | 648046 | 1796170 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മറ്റ് സർക്കാർ ഏജൻസീസ് | 2468772 | 16790 | 2485562 | 2470002 | 15560 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 155 | 111895205 | 118 | 63053585 | 10 | 108 | 37 | 70 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 8195319 | 4135559 | 50.46 |
| വെറ്റിനറി സർജൻ | 6 | 6 | 2096560 | 1009060 | 48.13 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 4 | 4 | 1216505 | 981404 | 80.67 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1214706 | 100362 | 8.26 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 19 | 38222344 | 22185171 | 58.04 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 9297870 | 8786867 | 94.50 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 34 | 26 | 15301811 | 7044902 | 46.04 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ. | 3 | 3 | 1201550 | 1188223 | 98.89 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 63 | 40 | 29893540 | 14714325 | 49.22 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1500000 | 882362 | 58.82 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 5 | 3 | 3755000 | 2025350 | 53.94 |
| ആകെ | 155 | 118 | 111895205 | 63053585 | 56.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11861 | 640567 | 652428 | 652163 | 265 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18315069 | 18315069 | 18315069 | 0 |
| ആകെ | 11861 | 18955636 | 18967497 | 18967232 | 265 |

## 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ് അപാകങ്ങൾ

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചു പ്രകാരമുള്ള പ്രവർത്തികളിൽ ഇപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല.

2) കരാറുകാരുമായി ചമച്ച കരാറുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല.

3) ടെണ്ടർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽരഹിത വേതനം | 11 | 19800 |
| കർഷകതൊഴിലാളി പെൻഷൻ | 2213 | 3341200 |
| വിധവാ പെൻഷൻ | 1329 | 20425200 |
| വാർദ്ധക്യകാല പെൻഷൻ | 2188 | 30282000 |
| വികലാംഗ പെൻഷൻ | 298 | 4543000 |
| അവിവാഹിത പെൻഷൻ | 96 | 1472000 |
| വിവാഹ ധനസഹായം | 9 | 270000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2022 തീയ്യതിയിൽ 2.45 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,332/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിലെ 16-11-2022 തീയതിയിലെ കണക്കുകളനുസരിച്ച് 1296 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. സമയപരിധി കഴിഞ്ഞ 161 ഫയലുകളും ന്യൂനതകൾ പരിഹരിക്കുവാനുള്ള 199 ഫയലുകളും ഇവയിൽ ഉൾപ്പെടുന്നു. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്ഥാപനതലത്തിൽ സത്വരനടപടി ആവശ്യമാണ്.

വെബ് സൈറ്റിലെ വിവരങ്ങൾ കാലികമാക്കുന്നതിൽ വീഴ്ച .

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങളിൽ ഭൂരിഭാഗവും കാലികമാക്കുകയോ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക പദ്ധതികളുടെ വിവരങ്ങൾ, അന്തിമ ഗുണഭോക്തൃലിസ്റ്റ്, പെയിൻ & പാലിയേറ്റീവ് ഗുണഭോക്താക്കളുടെ ലിസ്റ്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് മുതലായ സുപ്രധാനവിവരങ്ങൾ കാലികമാക്കുന്നതിന് സ്ഥാപനതലത്തിൽ സത്വരനടപടി ആവശ്യമാണ്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല -ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നില്ല .

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ കണക്കുകൾ പ്രകാരം ഏകദേശം രണ്ടായിരത്തിലധികം സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ടെന്നും അതിൽ ഏകദേശം ആയിരത്തോളം സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിനുള്ളവയാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ 512 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച നിർവഹണത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് .

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിലെ കാലതമാസം,മണ്ണ് ജലസംരക്ഷണ പ്രവൃത്തികളുടെ ഗുണഭോക്തോക്കളുടെ വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്താതിരിക്കൽ എന്നീ വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഹരിതകർമ്മസേന -അജൈവമാലിന്യ ശേഖരണം -ക്ലീൻ കേരളമിഷനിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച കൃത്യമായ കണക്കുകളില്ല .

അജൈവമാലിന്യശേഖരണത്തിന് ക്ലീൻ കേരള മിഷനിൽ നിന്നും ലഭിക്കേണ്ട തുകയെ സംബന്ധിച്ച് ഹരിതകർമ്മസേനയുടെ പക്കൽ കൃത്യമായ കണക്കുകളില്ല. ശേഖരിച്ച അജൈവമാലിന്യങ്ങൾക്ക് ക്ലീൻ കേരള മിഷനിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നടപടി ആവശ്യമാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തന്നെ അപൂർണ്ണവുമാണ്. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തുന്നില്ല.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന്

ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

ഇ) റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ആഗസ്റ്റ് , സെപ്തംബർ-2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021 ജൂലൈ മാസം മുതലുള്ള 18 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ തടസ്സങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചത് ക്രമപ്രകാരമല്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ നികുതിയിളവ് വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലുള്ള നികുതിയിളവിന് അർഹതയില്ലാത്ത താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് | നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ കെട്ടിട നമ്പർ (2013) | റിമാർക്സ്. |
|---|---|---|
| പാമ്പുരുത്തി-1 | 89,99,105 | |
| കമ്പിൽ-2 | 41,236,241,343,409,454 ,462,,513,544,671,700, 701,728,744,908 | 513 അടയ്ക്കാ ഗോഡൗൺ- തറവിസ്തീർണ്ണം-72 M2 |
| പാമ്പുരുത്തി-3 | 20,21,22,23,79, 80,81,81,110, 112,184,185,186,189, 190,191,193,204 ,296,298,353,354, 355,356,357,358,372,373,390,402,437 ,439,441,442,445,447,449,461,462, 463,573,574,581,672A,676,691,711,792,793,830,839 | 1)672 A എന്ന കെട്ടിടം മുല്ലക്കൊടി കോ-ഓപ് റൂറൽ ബാങ്ക് കെട്ടിടത്തിൽ വാടകക്ക് പ്രവർത്തിക്കുന്ന സബ് ട്രഷറി ഓഫീസ് ആണ്.(56 M2) 2)792 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഓഫീസും 793 മിനി |

| | | |
|---|---|---|
| | | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടവും ആണ്. |
| നണിയൂർ-4 | 461 | |
| പാട്ടയം-17 | 232,268,435,486 A | 486 A ലൈൻ മുറി |

റിമാർക്സിൽ പരാമർശിച്ച കെട്ടിടങ്ങളൊഴികെ ബാക്കിയുള്ളവയെല്ലാം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പീടിക, പീടികമുറി, കട, കടമുറി എന്നീ വിഭാഗത്തിലുൾപ്പെട്ടവയാണ്. മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 1 (ഡി) ) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ (അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും,ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ) ആയി രേഖപ്പെടുത്തി വസ്തുകുതി, ഉപനികുതി എന്നിവ ഡിമാന്റിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗം സെക്ഷൻ 207 1 (ഡി) ) പ്രകാരം വസ്തുകതി, ഉപനികുതി ഒഴിവാക്കുവാൻ കഴിയാത്ത വിഭാഗത്തിലുൾപ്പെടുന്നവയാണെന്ന് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കാണുന്നു. നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതിന്റെ കാരണം ഫീൽഡ് പരിശോധന റിപ്പോർട്ട് സഹിതം അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

1. 2021-22 വർഷത്തെ എഫ്.ടി.ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2/394 നമ്പർ കെട്ടിടത്തിൽ ദന്തൽ ക്ലിനിക് നടത്തുന്നതിനായി ശ്രീ.രഞ്ജിത് കൃഷ്ണൻ എന്നയാൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. മേൽ അപാകത കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/11.11.22) പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2. 2/392 നമ്പർ കെട്ടിടത്തിൽ കെ.എൽ.എ.സി ആശുപത്രി നടത്തിപ്പിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 10 ച.മീ എന്നും, നികുതി, ലൈബ്രറി സെസ്സ്, സേവനഉപനികുതി ഉൾപ്പെടെ 13500 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെയും ഉപയോഗക്രമത്തിന്റെയും അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്തിൽ ജനന മരണ രജിസ്ട്രേഷൻ അപേക്ഷകൾ വരുന്നത് മേൽ പറഞ്ഞ ആശുപത്രിയിൽ നിന്നാണെങ്കിലും സഞ്ചയയിൽ ആശുപത്രി വിഭാഗത്തിൽ കെട്ടിടത്തെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11.11.22) 1998-99 മുതൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വരുന്നതിന് മുമ്പേ നിർമ്മിച്ച കെട്ടിടമാണെന്നും പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ആശുപത്രി കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി വരുത്തുന്ന സമയത്ത് ഉപയോഗക്രമം, തറവിസ്തീർണ്ണം എന്നിവ മാറിപ്പോയതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

3.2/397,2/396 നമ്പർ കെട്ടിടങ്ങൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാകുന്ന ആതുരാലയങ്ങൾ (സെ. 207 (1 (സി) ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ സർക്കാർ ആതുരാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11.11.22) കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമം ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ക്രഷർ യൂണിറ്റിന്റെ വസ്തുനികുതി നിർണ്ണയം-പരിശോധനവിധേയമാക്കേണ്ടതാണ്.

2021-22 ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ.പി.പി മുഹമ്മദ്കുഞ്ഞി എന്ന വ്യക്തിക്ക് വാർഡ് 5/67,68 കെട്ടിടങ്ങളിലായി ക്രഷർ, ഹോളോബ്രിക്സ് നിർമ്മാണം (പ്രീമിയർ കോൺക്രീറ്റ് പ്രൊഡക്ട്സ്) നടത്തുന്നതിനായി ലൈസൻസ് (ഒരേ കെട്ടിടനമ്പറുകളിൽ രണ്ട് ലൈസൻസ്) അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ അനുവദിച്ച യന്ത്രത്തിന്റെ കുതിരശക്തി 199 HP ക്കു പുറമേ 120HP കൂടി സ്ഥാപിക്കാനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ ബിൽഡിംഗ് പ്ലാനിന്റെ ഏരിയ പ്രകാരം കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം 340.58 ച.മീ എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 12 ച.മീ വീതം വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി ച.മീറ്ററിന് 30/- നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ഇതര വ്യവസായാവശ്യങ്ങൾക്കുള്ളവ എന്ന ഗണത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40/-നിരക്കിലാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിട്ടുള്ളത്. പ്രീമിയർ കോൺക്രീറ്റ് പ്രൊഡക്ട്സ് ഹാജരാക്കിയ പ്ലാൻ പ്രകാരം കെട്ടിടത്തിന്റ നിലവിലുള്ള തറവിസ്തീർണ്ണം Existing Metal Tank, Existing Work Shed,Existing Storage Area, Existing Storage Tank എന്നിവ ഉൾപ്പെടെയാണ് 340.58 ച.മീ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് സഞ്ചയയിൽ രേഖപ്പെടുത്തിയതിനേക്കാൾ വളരെ കൂടുതലാണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോ എന്നും കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. സമാനമായ വ്യവസായ യൂണിറ്റുകളുടെ വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത് വളരെ കുറഞ്ഞ ഏരിയയാണ്. ഉദാഹരണമായി അബ്ദുൾ ജബ്ബാർ.പി.ടി.പി എന്ന വ്യക്തിക്ക് 3/847, 3/848,3/849 എന്നീ കെട്ടിടങ്ങളിൽ സ്റ്റോൺ ക്രഷർ, ഹോളോബ്രിക്സ് നിർമ്മാണം എന്ന സംരംഭം നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം, തറ വിസ്തീർണ്ണം എന്നിവ സഞ്ചയയിൽ പരിശോധിച്ചതിൽ 9 ച.മീ,9 ച.മീ, 12 ച.മീ (ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ) എന്നിങ്ങനെയാണ്.തറവിസ്തീർണ്ണം വളരെ പരിമിതമായി കാണുന്നതിനാൽ സ്റ്റോൺ ക്രഷർ, ഹോളോബ്രിക്സ് നിർമ്മാണം നടത്തുന്ന മേൽ കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണം തന്നെയാണോ സഞ്ചയയിൽ രേഖപ്പെടുത്തിയതെന്നും, കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (17/16.11.22) നൽകിയിട്ടുണ്ട്. ആയതിന് സ്ഥലപരിശോധന നടത്തി നികുതി ചുമത്തേണ്ടുന്ന തരത്തിലുള്ള അധിക നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ഭേദഗതി ഉത്തരവു പ്രകാരമുള്ള വിജ്ഞാപനം -പുതുതായി ഉൾപ്പെടുത്തിയ നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ല

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ്, മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, അയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെസ.ഉ (അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ മേൽ വിഭാഗങ്ങൾക്ക്പഞ്ചായത്തിന് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05-10-2021 തീയതിയിലെ 118/21 നമ്പർ തീരുമാനപ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ കെ.പി 16/127നമ്പർ വീടിന് ഹോംസ്റ്റേ ലൈസൻസ് ലഭിക്കുന്നതിന് ശ്രീ ജയപ്രകാശമദനൻ.ഇ.പി, ജ്യോതിസ്, ചേലേരി എന്നവർക്ക് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലും വസ്തുനികുതിയിലും മാറ്റം വരുത്തിയതായി കാണുന്നില്ല. ആയതിന് കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/15.11.22) സ.ഉ (അ) നമ്പർ 53/2020 /തസ്വഭവ തീയതി 8-9-2020 പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്ക നിശ്ചയിക്കുന്നതിനായി ഭരണസമിതി മുൻപാകെ സമർപ്പിക്കുന്നതാണെന്നും, 16/127 നമ്പർ ഭവനത്തിൽ അപേക്ഷകൻ പ്രസ്തുത സംരംഭം ആരംഭിച്ചിട്ടില്ലെന്നും, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയത് ക്രമപ്രകാരമല്ല.

സർക്കാരിന്റെ 26.05.2017 തീയതിയിലെ സ ഉ(കൈ)നം.106/2017/തസ്വഭവ ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. നികുതി ഇളവ് ലഭിക്കുന്നതിനായി പുതിയ അപേക്ഷകർ അപേക്ഷയോടൊപ്പം നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രവും സത്യവാങ്മൂലവും സമർപ്പിക്കേണ്ടതാണ്. തുടർന്ന് ഓരോ വർഷവും നികുതിയിളവ് ലഭിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം മാർച്ച് 31 ന് മുമ്പായി തദ്ദേശ സ്വയംഭരണമേധാവിക്ക് നൽകേണ്ടതാണ്. എന്നാൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 4/221 | മീത്തലെ വീട്ടിൽ രാമചന്ദ്രൻ |
| 2 | 6/425 | വളപ്പിലെക്കണ്ടി സരോജിനി |
| 3 | 7/35 | പി.സി.ദാമോദരൻ |
| 4 | 7/171 | ഒതയോത്ത് പുരുഷോത്തമൻ |
| 5 | 8/331 | ഇടവൻ താഴത്ത് ബിന്ദു |
| 6 | 8/419 | കെ.പ്രേമലത |
| 7 | 9/413 | മുള്ളങ്കണ്ടി സുരേശൻ |
| 8 | 13/327 | മുണ്ടയാടൻ പുത്തൻ വീട്ടിൻ വേലായുധൻ |
| 9 | 13/512 | അളവൂർ വീട്ടിൽ പ്രഭാകരൻ |
| 10 | 13/603a | സുജിത്ത് പുത്തൻ വീട്ടിൽ |
| 11 | 14/3 | പി സി രാധാകൃഷ്ണൻ |
| 12 | 14/193 | ചെക്കറകേളോത്ത് കുഞ്ഞിപാർവ്വതിയമ്മ |
| 13 | 15/270 | കെ.നാരായണൻ നമ്പ്യാർ |
| 14 | 16/96 | എം.പി.സാവിത്രി അമ്മ |
| 15 | 16/239 | നലവട്ടണോൻ വീട്ടിൽ ദിനേശൻ |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.11.22) ക്രമനം 1-15 വരെയുള്ള കെട്ടിടങ്ങൾ വിമുക്തഭടൻമാരുടെ വാസഗൃഹമാണെന്ന് വാർഡ് ക്ലാർക്കുമാരുടെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇളവ് നൽകിയിരിക്കുന്നത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാതെ വാർഡ് ക്ലാർക്കുമാരുടെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകാൻ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഇപ്രകാരം കൃത്യമായ രേഖകൾ ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി അനർഹമായി നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതാണ്.

2. 2021-22 വർഷം വൈകി ലഭിച്ച അപേക്ഷകൾ നികുതിയിളവിന് പരിഗണിച്ചു.

19.05.21 ലെ സ.ഉ.(സാധാ)1014/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 21-22 വർഷം വസ്തുനികുതി ഇളവിന് സാക്ഷ്യപത്രം സമർപ്പിക്കേണ്ട സമയപരിധി 30.06.21 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ മേൽ കാലയളവിന് ശേഷം അനുവദിച്ച അപേക്ഷകളിലും നികുതിയിളവ് അനുവദിച്ചിട്ടുണ്ട്.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| 16/16 | തട്ടാരത്ത് ഗംഗാധരൻ | 21.01.22 |
| 13/237 | പുതിയ വീട്ടിൽ | 18.11.21 |

| | | |
|---|---|---|
| | സുരേന്ദ്രൻ | |

മേൽ വ്യക്തികളുടെ അപേക്ഷകളിന്മേൽ നികുതിയിളവ് അനുവദിച്ചതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.11.22) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും നിശ്ചിത സമയത്തിനകം സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അർഹരായവർക്ക് മാത്രമാണ് ഇളവ് അനുവദിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. രേഖകൾ ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി അനർഹമായി നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-16 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു.

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ്, 2021-22വർഷത്തെ ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രകാരം രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റദ്ദാക്കിയ രസീത് നം/തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 121020103474 തീയതി 10.11.21 | 9/308 A | കുറ്റേരിപൊയിൽ ഖദീജ | 459 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/17.11.22) സാംഖ്യ സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷനു ശേഷം സാംഖ്യ സോഫ്റ്റ് വെയറിൽ രസീത് ക്യാൻസൽ ചെയ്ത് സെക്രട്ടറി അപ്രൂവ് ചെയ്യുന്ന സമയത്ത് തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ രസീത് വരവ് വന്നത് ക്യാൻസലാകുന്നതാണെന്നും സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറു കാരണം മേൽ പറഞ്ഞ രസീത് തന്നെയാണ് സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് -നിരക്കുകൾ നിശ്ചയിച്ചതിലെ അപാകങ്ങൾ

31.10.2017 ലെ 80/2017 എൽ.എസ്.ജി.ഡി വിജ്ഞാപന പ്രകാരം ലൈസൻസ് ഫീസുകൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 24.02.2018 തീയതിയിൽ നടന്ന 41/2018 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ചുമത്താവുന്ന പരമാവധി ഫീസ് നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം 2018-19 വർഷം മുതൽ പുതുക്കിയ നിരക്കിൽ ഫീസ് ചുമത്താൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

| മേഖല | മൂലധന നിക്ഷേപം | വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| മൈക്രോ എന്റർപ്രൈസസ് -ഉല്പാദന മേഖല | 0-5 ലക്ഷം<br>5-10 ലക്ഷം<br>10-15 ലക്ഷം<br>15-25 ലക്ഷം | 200<br>300<br>400<br>500 |
| മൈക്രോ എന്റർപ്രൈസസ് സേവന മേഖല | 0-2ലക്ഷം<br>2-3 ലക്ഷം<br>3-5 ലക്ഷം<br>5-10 ലക്ഷം | 200<br>300<br>400<br>500 |
| മിനി എന്റർപ്രൈസസ് | 25-40ലക്ഷം | 600 |

| | | |
|---|---|---|
| ഉല്പാദന മേഖല | 40-50 ലക്ഷം | 700 |
| | 50-60 ലക്ഷം | 800 |
| | 60-80 ലക്ഷം | 900 |
| | 80-100 ലക്ഷം | 1000 |
| മിനി എന്റർപ്രൈസസ് സേവന മേഖല | 10-20ലക്ഷം | 600 |
| | 20-30 ലക്ഷം | 700 |
| | 30-40 ലക്ഷം | 800 |
| | 40-50 ലക്ഷം | 1000 |

മേൽ വിജ്ഞാപന പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ഗവ. ഉത്തരവു പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 5000,10000,15000 എന്നിങ്ങനെയാണ്. ആയിരം രൂപക്ക് മുകളിൽ ഈടാക്കിയതിനുള്ള ഉദാഹരണം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|---|
| ക്രഷർ യൂണിറ്റ് ഉല്പാദന മേഖല | 6/475 | പുത്തലത്ത് വത്സരാജൻ | രേഖപ്പെടുത്തിയിട്ടില്ല | 2000, 110214/20.03.2021 |
| ക്രഷർ യൂണിറ്റ് ഉല്പാദന മേഖല | 6/470 | എ.കെ.രാജഗോപാലൻ | രേഖപ്പെടുത്തിയിട്ടില്ല | 2000, 110172/19.03.2021 |

ഭരണസമിതി തീരുമാന പ്രകാരം മൈക്രോ,മിനി എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ഫീസ് നിരക്ക് 500,1000/- നിശ്ചയിക്കുകയും, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ മേൽ പട്ടികയിൽ ഉദാഹരിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.11.22) 24.02.2018 തീയതിയിൽ നടന്ന 41/2018 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ചുമത്താവുന്ന ഫീസിനേക്കാൾ കൂടുതൽ നിരക്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് അതിനു മുൻപ് ഫീസ് ഈടാക്കി വരുന്നുണ്ടെന്നും, പ്രസ്തുത തുക തുടർന്നും അടവാക്കി വന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 20-21 വർഷം ഈടാക്കിയ ലൈസൻസ് ഫീയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് 20-21 പ്രകാരം | ഈടാക്കിയ ഫീസ് 21-22 പ്രകാരം |
|---|---|---|---|---|---|
| അബ്ദുൾ ജബ്ബാർ.പി.ടി.പി | 3/847,848,849 | സ്റ്റോൺ ക്രഷർ, എം സാന്റ്, ഹോളോബ്രിക്സ് | അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല | 3000 | 1000 |
| ഡോ.കെ.വി.നൗഷാദ് | 2/392 | കെ.എൽ.ഐ.സി ഹോസ്പിറ്റൽ, കമ്പിൽ | അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം 4000000/- | 3000 | 1000 |

| | | | | | |
|---|---|---|---|---|---|
| | | | രേഖപ്പെടു ത്തിയിട്ടുണ്ട്. | | |

മേൽ അപാകത കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.11.22) 24.02.2018 തീയതിയിൽ നടന്ന 41/2018 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പഞ്ചായത്തിന് നിശ്ചയിക്കാവുന്ന പരമാവധി ഫീസ് 1000/- രൂപയാണ് എന്നാണ് മറുപടി നൽകിയത്. മേൽ ഉദാഹരിച്ച 2 പട്ടികയിന്മേലും പരസ്പര വിരുദ്ധമായ മറുപടിയാണ് നൽകിയിട്ടുള്ളത്. മൈക്രോ, മിനി എന്റർപ്രൈസുകളിലുൾപ്പെടാത്ത മൂലധനനിക്ഷേപം കൂടുതലുള്ള ജ്വല്ലറികൾ, പെട്രോൾ പമ്പ്, മരമില്ലുകൾ, ക്രഷറുകൾ, ആശുപത്രി എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിച്ച് ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി രണ്ടായിരത്തി അഞ്ഞൂറിലധികം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 512 സ്ഥാപനങ്ങൾക്കാണ് (634 കെട്ടിടങ്ങൾ) തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള കെട്ടിടങ്ങൾ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നില്ലെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും, വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതിരുന്നതിന്റെ കാരണം അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.11.22) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ യെന്ന് ഫീൽഡ് തലത്തിൽ പരിശോധന നടത്തുന്നുണ്ടെന്നും, 22-23 വർഷം വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

2020-21 വർഷം എ ഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം | സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര് | സംരംഭം | 20-21 ൽ ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 8/71 | ഡോ.തുളസീധരൻ .പി.സി | ക്ലിനിക് | 200 |
| 17/212 To216 | കബീർ.കെ.കെ | പലചരക്ക് സ്റ്റേഷനറി | 1500 |

മേൽ അപാകത കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/11.11.22) പരിശോധിച്ച് തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നു മറുപടി നൽകിയിട്ടുണ്ട്. ധാരാളം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന 2ാം വാർഡായ കമ്പിൽ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്.സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 (1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019 തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല. 2021-22 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹ 877790/-നീക്കിയിരിപ്പുണ്ട്.ആയതിൽ 538000/- കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകയാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. 2013 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 27/17.11.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഭരണസമിതിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-20 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർക്ക് തൻവർഷം ₹1002800 യും മുൻവർഷം നൽകിയ ₹2490000 യും ഉൾപ്പെടെ ആകെ ₹3492800 നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 79/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -കെ ഡബ്ല്യൂ എ ക്ക് ഡെപ്പോസിറ്റ് |
| അടങ്കൽ | ₹ 1002800 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹2000 തനത് ഫണ്ട്<br>ആകെ – 1004800 |
| ചെലവ് | ₹ 310000 ബിൽ നമ്പർ 110/16-10-21<br>₹698200 ബിൽ നമ്പർ 131/29-11-21<br>ആകെ -₹1008200 |

കേരള വാട്ടർ അതോറിറ്റിയുമായി 3-12-21 ൽ ഏർപ്പെട്ട കരാർ ഉടമ്പടിയിൽ പ്രവൃത്തി 15-2-2022 ൽ ആരംഭിച്ച് 15-4-2022 ൽ പൂർത്തിയാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജലജീവൻമിഷൻ പദ്ധതി ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രോജക്റ്റിന്റെ അനിവാര്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 15/15-11-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-21 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ,യുപി എസ് വാങ്ങൽ -പ്രിന്റർ ലഭ്യമായിട്ടില്ല.ചെലവ് തുക ₹12953 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ പേര് | 135/22പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യുപി എസ് വാങ്ങൽ |
| അടങ്കൽ | ₹ 370000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹ 50989 ചെക്ക് നം 873069/30-3-22<br>₹188000 ചെക്ക് നം 5463650/25-2-22<br>₹92547 ചെക്ക് നം 5463649/18-2-22<br>ആകെ – 331536 |

മേൽ പ്രോജക്ട് പ്രകാരം ₹ 50989 ചെലവഴിച്ച് 3 പ്രിന്ററും ₹188000 ചെലവഴിച്ച് ഒരു യു പി എസും GEM മുഖാന്തിരം വാങ്ങുകയും 2 കമ്പ്യൂട്ടർ, 1 A4-Monochrome പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ₹92547 കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് അനുവദിച്ചിട്ടുമുണ്ട്. (കമ്പ്യൂട്ടർ, ₹79594 Invoic No. TVM/ITGB/PI/RC/33515/20-21 Dt 10-1-22, പ്രിന്റർ ₹12953 Invoic No. TVM/ITGB/PI/RC/33516/20-21 Dt 10-1-22). എന്നാൽ നാളിതുവരെയായും പ്രിന്റർ ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (18/16.11.2022) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രിന്റർ ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് തുക ₹12953 തടസ്സപ്പെടുത്തുന്നു.

## 1-22 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/പേര് | 3/22 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹120598 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹120598,ബിൽ നമ്പർ 120/26-10-21 |

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹120598 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/15-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹100000 യുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 6/22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹100000മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹100000ബിൽ നമ്പർ : 240/19-2-22 |

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ₹100000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/11.11.2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-24 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ലാസ്റ്റ് ഗ്രേഡ്, പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ അല്ലാത്ത മറ്റ് 7 ജീവനക്കാർക്കും 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ ആയി ആകെ ₹291760 (വൗച്ചർ നം 2210091/2-6-21) അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | സറണ്ടർ തുക ₹ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മനോജ് കെ പി | ഹെഡ് ക്ലർക്ക് | 57054 |
| 2 | ജയശ്രീ.കെ | സീനിയർ ക്ലർക്ക് | 49395 |
| 3 | ഷൈലേഷ് കെ വി | സീനിയർ ക്ലർക്ക് | 43623 |
| 4 | എ പി വിജിന | ക്ലർക്ക് | 42513 |
| 5 | ശ്രുതി ശ്രീധരൻ | ക്ലർക്ക് | 33633 |
| 6 | രേവതി എ വി | ക്ലർക്ക് | 33633 |
| 7 | ഷൈജ്ജ സി | ക്ലർക്ക് | 31909 |
| ആകെ | | | 291760 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 19/16-11-22) ലഭ്യമാക്കിയ മറുപടിയിൽ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിനുള്ള നിയന്ത്രണം 31-5-2021 വരെയാണുണ്ടായിരുന്നതെന്നും നിയന്ത്രണ കാലയളവ് കഴിഞ്ഞതുകൊണ്ടാണ് സറണ്ടർ അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യമുള്ളതിനാൽ ആർജിതാവധി സറണ്ടർ അനുവദിച്ചതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. ഇതിൻമേൽ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ പ്രതിവർഷം അഞ്ച് ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. 2021-22 വാർഷിക പ്രോജക്ടിലെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ പേര് | 2/22 പൊതുടാപ്പുകളുടെ വെള്ളക്കരമടക്കൽ |

| | |
|---|---|
| അടങ്കൽ | ₹ 501684 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹ 501684 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

മേൽ പ്രൊജക്ട് പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഒരു ടാപ്പിന് പ്രതിവർഷം ₹5513 നിരക്കിൽ 91 ടാപ്പുകളുടെ ചാർജ്ജായി ആകെ ₹ 501684 വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. ഇത്രയും ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല.പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.നിലവിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന നടപടികൾ ആരംഭിച്ച സാഹചര്യത്തിലും പ്രതിവർഷം 5 ലക്ഷത്തിലധികം രൂപ ഈയാവശ്യത്തിനായി ചെലവഴിക്കുന്ന സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ നിലനിർത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/15-11-21) ലഭ്യമാക്കിയ മറുപടിയിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്ന മുറക്ക് ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്കാണ് വെള്ളക്കരമൊടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ & തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | നാരായണൻ സി | 603980200833 | 111250201583 | 93/21 02.09.21 | 28.07.21 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21,9/21തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | പാത്തുമ്മ | 406985693736 | 111250200186 | 02/22 10.01.22 | 25.12.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 04/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | നാരായണൻ ടി | 322741351101 | 111250201491 | 07/22 24.01.22 | 04.01.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 06/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/16.11.22)അധികമായി നിക്ഷേപിക്കപ്പെട്ട തുക തിരിച്ചടക്കുവാൻ ബാങ്കിലേക്ക് കത്ത്നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകക്കെടുക്കൽ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല.

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ (ഒരു വർഷത്തിൽ പരമാവധി 1,00,000/-രൂപയിൽ അധികരിക്കുന്ന പക്ഷം) അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് (സ്ഥാപനം,കമ്പനി മുതലായവ ) രണ്ട് ശതമാനം നിരക്കിലുമാണ്.എന്നാൽ താഴെപ്പറയുന്ന പ്രോജക്റ്റുകളിൽ നിന്നും ഒരു ശതമാനം നിരക്കിൽ ആദായനികുതി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്റ്റ് നമ്പർ | 106/22 |
| പ്രോജക്റ്റിന്റെ പേര് | അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകക്കെടുക്കൽ |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് റോഡിതരം-67500<br>തനത് ഫണ്ട്-118000<br>ആകെ-185500 |
| ചെലവ് തുക | മെയിനന്റൻസ് ഫണ്ട് റോഡിതരം-67500<br>തനത് ഫണ്ട്-118000<br>ആകെ-185500 |
| കരാറുകാരന്റെ പേര് | ശ്രീ സത്യൻ.കെ, കപ്പള്ളി, നാറാത്ത് (പി.ഒ),കണ്ണൂർ |
| ക്വാട്ട് ചെയ്ത നിരക്ക് | 26500 രൂപ പ്രതിമാസം (1500 കി.മീ വരെ) |
| വെഹിക്കിൾ നമ്പർ | KL-13 F 8066 |
| എഗ്രിമെന്റ് നമ്പർ / തീയതി | AE/LSGD/KGP/06/2020-21 Dated 20-10-2020 |
| ഈടാക്കേണ്ട ആദായനികുതി | 1855 |

2.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്റ്റ് നമ്പർ | 144/22 |
| പ്രോജക്റ്റിന്റെ പേര് | അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകക്കെടുക്കൽ |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് റോഡിതരം-200000<br>തനത് ഫണ്ട്-120000<br>ആകെ-320000 |

| | |
|---|---|
| ചെലവ് തുക | മെയിനന്റൻസ് ഫണ്ട് റോഡിതരം – 116000<br>തനത് ഫണ്ട്-0<br>ആകെ-116000 |
| കരാറുകാരന്റെ പേര് | ശ്രീ സത്യൻ.കെ, കപ്പള്ളി, നാറാത്ത് (പി.ഒ),കണ്ണൂർ |
| ക്വാട്ട് ചെയ്ത നിരക്ക് | 29000 രൂപ പ്രതിമാസം (1500 കി.മീ വരെ) |
| വെഹിക്കിൾ നമ്പർ | KL-13 F 8066 |
| എഗ്രിമെന്റ് നമ്പർ / തീയതി | AE/LSGD/KGP/11/2021-22 Dated 19-11-2021 |
| ഈടാക്കേണ്ട ആദായനികുതി | 1160 |

കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കാതിരുന്നത് അറിവില്ലായ്മ മൂലമാണെന്നും ഇനിയുള്ള സമാന പ്രോജക്ടുകളിൽ നിന്നും ആദായനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-9/14-11-22) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്.മറുപടി അംഗീകരിക്കുന്നതോടൊപ്പം ഇത്തരം കരാറുകളിൻമേൽ ഭാവിയിൽ ആദായനികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്ന് കൂടി അറിയിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ സമാന പ്രോജക്ടുകളിൽ ആദായനികുതി ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ തുക നൽകിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 18/22 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹150000 വികസന ഫണ്ട് - എസ്.സി.പി |
| ചെലവ് | ₹136673 ബിൽ നമ്പർ/തീയ്യതി : 21190852003901362485/17-03-2022 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്ട് പ്രകാരം 7 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 6 വിദ്യാർത്ഥികൾക്ക് 20000 രൂപ വീതവും ജിൽന എന്ന വിദ്യാർത്ഥിക്ക് 16673/- രൂപയുമാണ് അനുവദിച്ചത്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായ ജിൽനക്ക് ₹30000 സ്കോളർഷിപ്പിന് അർഹതയുണ്ട്. അർഹമായ മുഴുവൻ തുകയും അനുവദിക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/16.11.2022ന് നൽകിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് നൽകാതിരുന്നതെന്നും പിന്നീട് സ്പിൽ ഓവർ വഴി നൽകിയെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 തുടർസാക്ഷരതാപദ്ധതി -തുടർ മേൽനോട്ടം അനിവാര്യം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 15/22 തുടർസാക്ഷരതാ പദ്ധതി |
| അടങ്കൽ | ₹51550 വികസന ഫണ്ട് |
| ചെലവ് | ₹51550 ബിൽ നമ്പർ/തീയ്യതി : 21190852003901411076/22-03-2022 |

തുടർസാക്ഷരതാ പദ്ധതി എന്ന മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാകോഴ്സിന് ഒരാൾക്ക് 1850/- രൂപ നിരക്കിൽ 13 പേർക്ക് 24050 രൂപയും ഹയർസെക്കന്ററിക്ക് ഒരാൾക്ക് 2500 രൂപ നിരക്കിൽ 11 പേർക്ക് 27500/-

രൂപയും കേരളസാക്ഷരതാ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പത്താംതരം, പ്ലസ് വൺ തുല്യതാകോഴ്സിന് പേര് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതിന്റെയും വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16.01.2022) ക്ലാസ്സ് തുടങ്ങിയിട്ട് ഒരു മാസമായിട്ടേ ഉള്ളുവെന്നും തുല്യതാ പരീക്ഷ ആഗസ്റ്റ് 2023-ൽ മാത്രമേ നടക്കുകയുള്ളൂ എന്നും പരീക്ഷ നടന്നതിന് ശേഷം വിവരങ്ങൾ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പ്രവർത്തനങ്ങൾ തുടർച്ചയായ മോണിട്ടറിംഗിന് വിധേയമാക്കി പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ബഡ്സ് സ്കൂൾ- ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേക അക്കൗണ്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 10/22 ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ് |
| അടങ്കൽ | ₹800000 വികസന ഫണ്ട്<br>₹500000 ബ്ലോക്ക് പഞ്ചായത്ത്<br>₹713250 ജില്ലാപഞ്ചായത്ത്<br>₹786750 മറ്റുള്ളവ(സർക്കാർ ഗ്രാന്റ്)<br>--------------<br>ആകെ – 2800000 |
| ചെലവ് | ₹800000 വികസന ഫണ്ട്<br>₹200000 ബ്ലോക്ക് പഞ്ചായത്ത്<br>₹646973 മറ്റുള്ളവ(സർക്കാർ ഗ്രാന്റ്)<br>----------------<br>ആകെ 1646973 |

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ നടത്തിപ്പിനായി ₹646973 സർക്കാർ ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്.ജി.ഒ.(ആർ.ടി) 2517/2011 ത.സ്വ.ഭ.വ. 31-10-2011പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ഇങ്ങനെ ലഭിക്കുന്ന ഗ്രാൻറ് തുക സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റേയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ മറ്റ് തുകകൾ നിക്ഷേപിക്കുകയും ചെയ്യരുത്. ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം തയ്യാറാക്കി വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത ബാങ്ക് പാസ് ബുക്കും തയ്യാറാക്കിയ വരവ് ചെലവ് കണക്കുകളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/16.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 32/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹187500 വികസന ഫണ്ട് -പൊതുവിഭാഗം<br>₹187500 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹375000 മറ്റുള്ളവ<br>ആകെ : ₹750000 |
| ചെലവ് | ₹187500<br>ബിൽ നമ്പർ :21190852007901127925/09.02.2022 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹187500 കണ്ണൂർ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 30 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-32 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയുള്ള മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 33/22 വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹75000 റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹75000<br>ബിൽ നമ്പർ : 211908520079007838 50/09.12.2021 |

2021-22 വർഷത്തിൽ വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇംഗ്ളീഷ് ഫാർമ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. സ.ഉ(കൈ)നമ്പർ 22/2018/ത.സ്വ.ഭ.വ തീയ്യതി 14.02.2018 ഖണ്ഡിക6.2കുറിപ്പ് 12 പ്രകാരം വെറ്റിനറി ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നും അനുബന്ധസാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനം വഴി വാങ്ങാവുന്നതാണ്. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയാണ് ഗ്രാമപഞ്ചായത്ത് മുഖേന മരുന്ന് വാങ്ങിയിരിക്കുന്നത്. പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമല്ല എന്നുറപ്പ് വരുത്തുന്നതിനായി മാർഗ്ഗരേഖ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-33 സാന്ത്വന പരിചരണ പദ്ധതി- ഉപകരണങ്ങൾ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പർ / പേര് | 21/22 സാന്ത്വനപരിചരണ പദ്ധതി |
| അടങ്കൽ | ₹400000 വികസന ഫണ്ട്<br>₹261360 ജില്ലാ പഞ്ചായത്ത് വിഹിതം<br>-------------<br>661360 |
| ചെലവ് | ₹400000 വികസന ഫണ്ട്<br>₹202762 ജില്ലാപഞ്ചായത്ത് വിഹിതം<br>----------------<br>602762 |

സാന്ത്വനപരിചരണ പദ്ധതി എന്ന മേൽപ്രോജക്ട് പ്രകാരം ₹50000 ജില്ലാപഞ്ചായത്ത് വിഹിതം (വൗച്ചർ നമ്പർ 22101256/15.03.2022 ₹82424) മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. നാളിതുവരെയായി ₹28185ന്റെ ഉപകരണങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. (ഓഡിറ്റ് എൻക്വയറി നമ്പർ 23/16.11.2022) ₹21815ന്റെ ഉപകരണങ്ങൾ ലഭിക്കാൻ ബാക്കിയുണ്ട്. ലഭിക്കാൻ ബാക്കിയുള്ള ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ₹227024-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ , |

| | |
|---|---|
| ഉദ്യോഗസ്ഥൻ | കൊളച്ചേരി ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്റ്റ് നം | 127/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) |
| അടങ്കൽ | ₹400000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹227024(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ 02/21-22 തീയതി 16.03.22 |

മേൽ പദ്ധതി പ്രകാരം സബ്സിഡി തുക 101 ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ആയതിൽ കൊളച്ചേരി ക്ഷീരസഹകരണസംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് (ഏപ്രിൽ21 മുതൽ ജനവരി 22 വരെ) 21-22 വർഷം നടപ്പിലാക്കിയ 19/22 നമ്പർ പ്രൊജക്ടിലും, 127/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) പ്രൊജക്ടിലും ഉൾപ്പെടുത്തിയ പാലളവ് സ്റ്റേറ്റ്മെന്റ് ഒന്ന തന്നെയാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17.11.2022) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ ₹227024 തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ ,കൊളച്ചേരി ഗ്രാമ പഞ്ചായത്ത്ോ |
| പ്രൊജക്റ്റ് നം | 19/22 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | ₹100000(വികസനഫണ്ട് പൊതുവിഭാഗം)<br>₹500000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹500000(ജില്ലാപഞ്ചായത്ത് വിഹിതം)<br>--------------<br>ആകെ – ₹1100000 |
| ചെലവ് | ₹100000(വികസനഫണ്ട് പൊതുവിഭാഗം)<br>₹500000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹55338(ജില്ലാപഞ്ചായത്ത് വിഹിതം)<br>--------<br>ആകെ – ₹655338 |
| ബിൽ നം/തീയ്യതി/തുക | ബിൽ നം1/21-22 തീയതി 09.02.22-500000/-<br>ബിൽ നം3/21-22 തീയതി 16.03.22-100000/-<br>ബിൽ നം4/21-22 തീയതി 31.03.22-55338/- |

മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച അബ്ദുൾ ഖാദർ.സി മംഗലത്ത് ഹൗസ്, തങ്കമണി.സി എന്നീ ഗുണഭോക്താക്കൾ ഏത് വാർഡിൽ ഉൾപ്പെടുന്ന ഗുണഭോക്താവാണ് എന്നും ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ എത്രയാണെന്നും അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17.11.2022) മറുപടി നൽകിയിട്ടില്ല.രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-35 നിർവ്വഹണ ഉദ്യോഗസ്ഥൻ മൂന്ന് ക്യാഷ്ബുക്കുകൾ സൂക്ഷിച്ചുവരുന്നു

മെഡിക്കൽ ഓഫീസർ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. ഇത് കൂടാതെ പഞ്ചായത്തിൽ നിന്നും കണ്ടിൻജന്റ് ചെലവുകൾക്കായി ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവുകൾക്കായി ഒരു ടി ആർ 7-എ ക്യാഷ് ബുക്കും പ്രോജക്ട് ചെലവുകൾക്കായി മറ്റൊരു ടി ആർ 7-എ ക്യാഷ് ബുക്കും അടക്കം ആകെ 3 ക്യാഷ് ബുക്കുകൾ സൂക്ഷിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ഒന്നിലധികം ക്യാഷ്ബുക്കുകൾ സൂക്ഷിക്കുന്നത് ചട്ടവിരുദ്ധമാണ്. ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരം പ്രത്യേകം രേഖപ്പെടുത്തുന്നതിന് ഒരു സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കേണ്ടതാണ്. പിഴവുകൾ തിരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-37 റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിഴ്ചകളും തനത് വരുമാനവർദ്ധവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ചകൾ

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

2.സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതിനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ കാരണം രേഖപ്പെടുത്താത്തതിനാലും വ്യക്തമായ രേഖകളുടെ അഭാവത്തിലും ഇതു സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2.സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളോ മുറികളോ ഉണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5.ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ (നണിയൂർ നമ്പ്രം, പാമ്പുരുത്തി ദ്വീപ് മുതലായവ) സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7.ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഫീൽഡ് തല പരിശോധന നടത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണമുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലും കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. 2013-14 സാമ്പത്തികവർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പഞ്ചവത്സരറിവിഷൻ 2017-18 കാലയളവിൽ അവസാനിച്ചുവെങ്കിലും 2018-19 മുതൽ പ്രാബല്യത്തിൽ നടത്തേണ്ട പഞ്ചവത്സരറിവിഷന് സർക്കാർ അനുമതി നൽകിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഞ്ചവത്സരറിവിഷന് വേണ്ട നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 07.11.22 &08.11.22 | നം.കെ.എസ്.എ./കെ.എൻ.ആർ./<br>സി.6/1634/2022 തീയതി: 15.02.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | ആകെ | പ്രൊജക്റ്റിന്റെ പേര്/നമ്പര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,എടക്കാട് | 0 | 300000 | 300000 | ലൈഫ് ഭവനപദ്ധതി-ഫിഷറീസ്<br>SO 124/22 | 300000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 0 | 764000 | 764000 | ലൈഫ് ഭവനപദ്ധതി-അഡീഷണൽ (എസ് സി )-SO 126/22 | 764000 | 0 |
| | 0 | 2000 | 2000 | ലൈഫ് ഭവനപദ്ധതി-ഭവനരഹിത-ഭൂരഹിത-ഭവനരഹിത ലോൺ തിരിച്ചടവ്-വീട് വാസയോഗ്യമാക്കൽ-SO 121/22 | 2000 | 0 |
| | 0 | 465116 | 465116 | ലൈഫ് ഭവനപദ്ധതി-ഭവനരഹിത – ഭവനരഹിതർക്ക് ധനസഹായം-SO 122/22 | 465116 | 0 |
| | 0 | 1281884 | 1281884 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി-SO 125/22 | 1281884 | 0 |
| | 0 | 500000 | 500000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-25/22 | 500000 | 0 |
| | 0 | 500000 | 500000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്-19/22 | 500000 | 0 |
| | 0 | 200000 | 200000 | ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ്-10/22 | 200000 | 0 |
| ആകെ | 0 | 4013000 | 4013000 | | 4013000 | 0 |
| ജില്ലാ പഞ്ചായത്ത്,കണ്ണൂര് | 0 | 491219 | 491219 | നെൽകൃഷി വികസനപദ്ധതി-SO 130/22 | 491219 | 0 |
| | 0 | 87500 | 87500 | തരിശ് നെൽകൃഷി-16/22 | 87500 | 0 |
| | 0 | 934694 | 934694 | നെൽകൃഷി വികസനപദ്ധതി-11/22 | 934694 | 0 |
| | 0 | 125000 | 125000 | ആട് വളർത്തൽ മിനി ഫാം-46/22 | 125000 | 0 |
| | 0 | 71486 | 71486 | സാന്ത്വനപരിചരണ പദ്ധതി-SO 131/22 | 71486 | 0 |
| | 0 | 202762 | 202762 | സാന്ത്വനപരിചരണ പദ്ധതി-SO 21/22 | 202762 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 0 | 32302 | 32302 | പടുതാക്കുളം-SO 129/22 | 32302 | 0 |
| | 0 | 14197 | 14197 | ബയോഫ്ലോക്-SO 128/22 | 14197 | 0 |
| | 0 | 16086 | 16086 | ബയോഫ്ലോക്-63/22 | 16086 | 0 |
| | 0 | 300000 | 300000 | ലൈഫ് ഭവനപദ്ധതി-ഫിഷറീസ് SO 124/22 | 300000 | 0 |
| | 0 | 8523266 | 8523266 | ലൈഫ് ഭവനപദ്ധതി-അഡീഷണൽ (എസ് സി )-SO 126/22 | 8523266 | 0 |
| | 0 | 1200000 | 1200000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി-SO 125/22 | 1200000 | 0 |
| | 0 | 500000 | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-25/22 | 500000 | 0 |
| | 0 | 55338 | 55338 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്-19/22 | 55338 | 0 |
| | 0 | 227024 | 227024 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-SO 127/22 | 227024 | 0 |
| ആകെ | 0 | 12780874 | 12780874 | | 12780874 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 1359136 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1359136,ജില്ലാ പഞ്ചായത്ത് വിഹിതം-0) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 79/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -കെ ഡബ്ല്യൂ എ ക്ക് ഡെപ്പോസിറ്റ് | ₹ 310000 ബിൽ നമ്പർ 110/16-10-21 ₹698200 ബിൽ നമ്പർ 131/29-11-21 ആകെ -₹1008200 | ₹1008200 | 0 | ₹1008200 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | ആകെ തിരിച്ചടക്കുവാനുള്ള വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ-കെയുആർഡി എഫ്സി-ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമാക്കിയിട്ടില്ല. | 1963973 | 1259973 | 0 | 1259973 | 1628000 | 0 | 368027* *സ്രോതസ്സിൽ നിന്നും അധികമായി കുറവ് ചെയ്ത തുക. |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 517756 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ) | 34949 |
| ആകെ | 552705 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 552705 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| 0.00% | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കൊളച്ചേരി സർവീസ് സഹകരണബാങ്ക്,ലിമിറ്റഡ് നമ്പർ-സി 364 | 19-03-2022 (W.e.f 01-03-2022) | 552705 | സർട്ടിഫിക്കറ്റ് നമ്പർ-4600/2591 കാലാവധി തീയതി 01-03-2023 പലിശനിരക്ക് -7% |
| | | ആകെ | ₹552705 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2015-2016 | 2-3(3) | 240 | കീലത്ത് പുരയിൽ | 121020105179 |

| | | | | | |
|---|---|---|---|---|---|
| | | | | ശാദുലി,റഹ്മാനിയ സോ മിൽ | Dt: 3.01.2022 |
| 2 | 2015-2016 | 2-3(3) | 240 | അക്ഷരകോളേജ് , കമ്പിൽ | 121020105180 Dt: 3.01.2022 |
| 3 | 2015-2016 | 2-3(4) | 240 | മഹാത്മകോളേജ്, കമ്പിൽ | 121020105181 Dt: 3.01.2022 |
| 4 | 2013-2014 & 2014-2015 | 3-6 | 1300 | അബ്ദുൾറഷീദ്.കെ, സെക്രട്ടറി(റിട്ട.) | 121020105178 Dt: 3.01.2022 |
| 5 | 2020-2021 | P 1 - 33 | 5141 | അസിസ്റ്റന്റ് എൻജിനീയർ,എൽ.എസ്.ജി.ഡി കൊളച്ചേരി ഗ്രാമപഞ്ചായത്ത്. | 121020103753 Dt: 19/11/2021 |
| 6 | 2020-2021 | P 1 - 37 | 3120 | മുഹമ്മദ് കുഞ്ഞി, കരാറുകാരൻ | 121020107564 Dt: 15/02/2022 |
| 7 | 2020-2021 | P 1 - 35<br>1 - 36 | 13319 | ദിനേശൻ.എൻ.വി, കരാറുകാരൻ | 121020108256 Dt: 24/02/2022 |
| | ആകെ | | 23600 | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ റിക്കവറി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സമ്പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 7.13.6 | 1998-99 | 43 (എ) | കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗ്- അപാകങ്ങൾ | തുക ഒടുക്കി (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 2011-12 | 2-1 | | | ഗ്രാമസഭ പൊതു അവലോകനം | |
| 2003-04 | 13-6 | 1999-2000 | 6 | പദ്ധതി സഹായം പണമായി നൽകി | സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ട്.(നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | വിഷയം) |
| 2013-14 | 5.1.5.11 | പ്രവർത്തനാവലോകനം | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും (നൃഞ്ഞേരി) പ്രവർത്തനരഹിതം | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| ---ടി---- | 5.1.5.11 | പ്രവർത്തനാവലോകനം | | പണി പൂർത്തീയാകാത്തവ (പള്ളിപ്പറമ്പ്) | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| 2014-15 | 4.1.6 | വിഷയാധിഷ്ഠിത അവലോകനം | | അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ. | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| ---ടി---- | 4.1.12 | വിഷയാധിഷ്ഠിത അവലോകനം | | അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| | | 2015-16 | 2-3(3) | തൊഴിൽനികുതി അപാകങ്ങൾ | തുക ഈടാക്കി. (നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 2016-17 | 2 | 2014-15<br>2015-16 | 2-1<br>2-3 | തൊഴിൽനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| 2011-12 | - | വിഷയാധിഷ്ഠിത അവലോകനം | | ഗ്രാമസഭ -പൊതുഅപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 87281086 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 84541332 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 239977 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 12953 | ശ്രീ. രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി, കൊളച്ചേരി ഗ്രാമപഞ്ചായത്ത്. |
| 1-34 | 227024 | ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൊളച്ചേരി ഗ്രാമപഞ്ചായത്ത്. |
| ആകെ | 239977 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-1-11,1-12,1-13,1-14,1-15,1-16,1-17,1-24.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി. | സെക്രട്ടറി,നാറാത്ത് ഗ്രാമപഞ്ചായത്ത്. | കണ്ണൻ വില്ല, തളാപ്പ്,കണ്ണൂർ ജില്ല. |
| ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൊളച്ചേരി ഗ്രാമപഞ്ചായത്ത് | മണലിമ്മലിൽ ഹൗസ്, എ 1 റോഡ്, തോട്ടട(പി.ഒ), കണ്ണൂർ-670007 |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം .

| ക്രമ നമ്പർ | എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ |
|---|---|---|---|---|

| | | | | വ്യക്തിയുടെ പേര് |
|---|---|---|---|---|
| 1 | 08-തീയതി 14-11-2022 | അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകക്കെടുക്കൽ- വാഹനവാടക അനുവദിച്ചതിൽ അപാകം - 11084/-രൂപ അധികം നൽകി | 11084/-രൂപ | 1220403205/G130608 തീയതി 16-11-2022 ശ്രീമതി രമാവതി പി.വി |
| 2 | 1/10-11-22 | കുടുംബശ്രീ ജനസൗഹൃദ കേന്ദ്രം/ഫീഡിംഗ് റൂം നിർമ്മാണം – എക്സ്ട്രാ ഇനങ്ങൾക്ക് ടെണ്ടർ വ്യതിയാനം കണക്കാക്കിയതിൽ അപാകം | 6910/- രൂപ | 1220403322/G130608 തീയതി 22-11-2022 ശ്രീ. നിയാസ് എം, കോൺട്രാക്ടർ |
| | ആകെ | | 17994 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 3 | |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1324/2022 തീയതി 20.09.2022 | 1 | |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ<br>സി.6/1285/2022 തീയതി 22.09.2022 | 15 | |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ<br>സി.6/1286/2022 തീയതി 22.09.2022 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kolachery Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22386204.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 989820.00 |
| 130000000 | Rental income from Panchayat Properties | RP-3 | 10500.00 |
| 140000000 | Fees & User Charges | RP-4 | 976537.00 |
| 150000000 | Sale & Hire Charges | RP-5 | 75092.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58750629.00 |
| 171000000 | Interest Earned | RP-9 | 750244.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13899743.00 |
| 350000000 | Other Liabilities | RP-36 | 406105.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 771925.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 48771.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 137544.00 |
| 350000000 | Other Liabilities | RP-36 | 431019.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9879288.00 |
| 460000000 | Loans, Advances and Deposits | RP-47 | 153869.00 |
| | Grand total | | 109667290.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4388216.00 |
| 220000000 | Administrative Expenses | RP-12 | 804249.00 |
| 230000000 | Operations & Maintenance | RP-13 | 1098953.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6087720.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 34666067.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1562314.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 2269082.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 289800.00 |
| 255000000 | Maintenance Projects | RP-20 | 9689209.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7500.00 |
| 280000000 | Prior Period item | RP-26 | 225139.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1725251.00 |
| 350000000 | Other Liabilities | RP-36 | 9909447.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -720.00 |
| 340000000 | Deposits Received | RP-34 | 126345.00 |
| 350000000 | Other Liabilities | RP-36 | 3350255.00 |
| 410000000 | Fixed Assets | RP-38 | 1412973.00 |
| 412000000 | Capital work in Progress | RP-40 | 113831.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4425651.00 |
| 460000000 | Loans, Advances and Deposits | RP-47 | 2389401.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25072057.00 |
| Cash | Cash | RP-40(b) | 53901.00 |
| | Grand Total | | 109667290.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kolachery Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6182428.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 36432.00 |
| 140000000 | Fee & User Charges | I-4(b) | 1199032.00 |
| 150000000 | Sale & Hire Charges | I-5(b) | 126092.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 152480569.00 |
| 170000000 | Income from Investments | I-7 | 34949.00 |
| 171000000 | Interest Earned | I-8 | 750244.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 160809746.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12916206.00 |
| 220000000 | Administrative Expenses | I-11(b) | 804249.00 |
| 230000000 | Operations & Maintenance | I-12(b) | 1434953.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7248761.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53085068.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1209029.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2374943.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60353200.00 |
| 255000000 | Maintenance Projects | I-14(e) | 10931602.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 7500.00 |
| 270000000 | Provisions and Write off | I-16 | 3952.00 |
| 272000000 | Depreciation | I-17(a) | -7752132.00 |
| | Total Expenditure | | 142617980.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 18191766.00 |
| 280000000 | Prior Period Item | I-18 | 150740.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18041026.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Kolachery Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 32594165.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 57758.00 |
| 312000000 | Reserves | B-3 | 42846057.00 |
| | Total Reserve & Surplus | | 75497980.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8403811.00 |
| | Total Grants, Contributions for Specific Purposes | | 8403811.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 877790.00 |
| 350000000 | Other Liabilities | B-9 | 1150406.14 |
| | Total Current Liabilities and Provisions | | 2028196.14 |
| | TOTAL LIABILITIES | | 85929988.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75402755.00 |
| 411000000 | Accumulated Depreciation | B-11 | -25620106.00 |
| 412000000 | Capital Work in Progress | B-11(a) | 1103393.00 |
| | Total Fixed Assets | | 50886042.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 552705.00 |
| | Total Investments | | 552705.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4802596.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25125958.00 |
| 460000000 | Loans, Advances and Deposits | B-18 | 4562687.00 |
| | Total Current Assets, Loans and Advances | | 34491241.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 85929988.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.